## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1596** **08.06.2018 ൽ മറുപടിയ്ക്ക്**

## ഹൈടെക്ക് കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹൈടെക്ക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) ഹൈടെക് കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി പോളീഹൗസ് സ്ഥാപിക്കുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈടെക് ഫാമിംഗ് പദ്ധതിയും, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിത കൃഷി എന്ന പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ, കേടുപാടുകൾ സംഭവിച്ച പോളീഹൗസുകളുടെ അറ്റകുറ്റ പണികൾ നടത്തി മെച്ചപ്പെട്ട കൃഷി സൗകര്യം ഒരുക്കുന്നതിനും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരള മുഖാന്തിരം ധനസഹായം നൽകുന്നുണ്ട്<br><br>കൂടാതെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഹൈടെക് കൃഷി രീതി ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| ബി) നിലവിൽ ഏതെല്ലാം ഹൈടെക്ക് കൃഷി രീതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ; | ബി) മൂല്യം കൂടിയ പച്ചക്കറികളും, പുഷ്പങ്ങളും ഉത്പാദിപ്പിക്കുന്നതിനായി സൂക്ഷ്മ ജലസേചന സംവിധാനങ്ങളിലൂടെ കൃത്യമായ അളവിൽ വെള്ളവും വളവും നൽകിക്കൊണ്ടുള്ള പ്രിസിഷൻ ഫാമിംഗ് കൃഷി രീതിയാണ് നിലവിൽ ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. |

| | |
|---|---|
| സി) ഹൈടെക്ക് കൃഷി രീതി സ്വീകരിക്കുന്ന പുതിയ സംരംഭകർക്കായി എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളുമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) പുതിയ സംരംഭകർക്ക് ഹൈടെക് കൃഷിയോട് ആഭിമുഖ്യം വരുത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്റർ, തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി എന്നിവിടങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകുകയും എല്ലാ ജില്ലകളിലും ഹൈടെക് കൃഷി ചെയ്യുവാൻ താത്പര്യമുള്ളവർക്ക് പരിശീലന പരിപാടികളും ലഭ്യമാക്കുന്നതാണ്. ഇതിന് പുറമേ ഹൈടെക് കൃഷിയിൽ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം കൃഷി വകുപ്പിലൂടെയും കേരള കാർഷിക സർവ്വകലാശാലയിലൂടെയും ലഭ്യമാക്കുന്നുണ്ട്. പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ച ജില്ലകളിൽ പോളീഹൗസുകൾ സ്ഥാപിക്കുന്നതിനും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**